നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ, സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകണമെന്ന് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ

149 (1513) ശ്രീ. നജീബ് കാന്തപുരം: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ എല്ലാ സ്ഥാപനങ്ങളും പാലിക്കണമെന്ന് നിർബന്ധമുണ്ടോ; എങ്കിൽ കോവിഡിന്റെ ആദ്യ തരംഗം മുതൽ സംസ്ഥാനത്ത് ഇത് പാലിച്ചിരുന്നോ; മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിരുന്നോ?

ഐ.സി.എം.ആർ.-ന്റെയും ലോകാരോഗ്യ സംഘടനയുടെയും നിർദ്ദേശ പ്രകാരമുള്ള കോവിഡ് മാനദണ്ഡങ്ങൾ തന്നെയാണ് സംസ്ഥാനത്തും നടപ്പാക്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ഇത് പാലിക്കണം എന്നത് സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സാംക്രമിക രോഗങ്ങൾ ആക്ട് 2021 പ്രകാരം മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾ പാലിക്കേണ്ട സാമൂഹ്യ അകലം കോവിഡിന്റെ ആദ്യ വ്യാപനത്തിൽ എത്രയായിരുന്നു; ഇത് രണ്ടാം വ്യാപനത്തിൽ എത്രയാണ്; രണ്ടാം തരംഗത്തിൽ എത്ര ജീവനുകളാണ് സംസ്ഥാനത്ത് നഷ്ടമായത് എന്നറിയിക്കുമോ?

കോവിഡിന്റെ ആദ്യതരംഗത്തിലും രണ്ടാം തരംഗത്തിലും പാലിക്കേണ്ട സാമൂഹിക അകലം 2 മീറ്റർ തന്നെയായിരുന്നു. സ്വീകരിക്കേണ്ട മറ്റ് സുരക്ഷാ മാനദണ്ഡങ്ങളിലും മാറ്റങ്ങൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. 2021 ഏപ്രിൽ 01 മുതൽ ജൂലൈ 25 വരെ 11549 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സാമൂഹ്യ അകലം സംബന്ധിച്ച നിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(ഡി) പൊതുജനങ്ങളുടെ സുരക്ഷാ കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇളവെന്തെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) പൊതുജനങ്ങളുടെ സുരക്ഷാകാര്യങ്ങളിൽ ഗവണ്മെന്റിനെ മറികടന്ന് കെ.എസ്.ആർ.ടി.സി. നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതവും കർശനവുമായ നിയമ നടപടി ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(എഫ്) ബോർഡ്/കോർപ്പറേഷനുകൾ ഇത്തരം നടപടികൾ സ്വീകരിക്കാതിരിക്കാൻ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നല്കുമോ?

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വീസ് ഓപ്പറേഷൻ ക്രമീകരിക്കാൻ കോർപ്പറേഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതനുസരിച്ച് സർവ്വീസ് നടത്തുകയുമാണ് ചെയ്തുവരുന്നത്.

ആരോഗ്യ വകുപ്പിൻ കീഴിൽ ചികിത്സാ സഹായം

150 (1514) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു.